## പതിനാലാം കേരളനിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 2159** — **18.07.2016 ലെ മറുപടിയ്ക്ക്**

**സർക്കാർ സ്കൂളുകളിലെ യു.പി.എസ്.എ, എൽ.പി.എസ്.എ നിയമനങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ സർക്കാർ എൽ.പി., യു.പി., സ്കൂളുകളിലെ അദ്ധ്യാപകരുടെ ഒഴിവുകളിൽ എൽ.പി.എസ്.എ, യു.പി.എസ്.എ എന്നിവരെ പരസ്പരം മാറ്റി നിയമിക്കാറുണ്ടോ; | (എ) ഉണ്ട്. 2005 ന് മുമ്പ് എൽ.പി.എസ്.എ / യു.പി.എസ്.എ തസ്തിക പ്രത്യേകമായി തിരിക്കുന്നതിനു മുമ്പ് പി.ഡി ടീച്ചർ തസ്തികയിൽ നിയമനം ലഭിച്ചവർക്ക് എൽ.പി, യു.പി വിഭാഗത്തിൽ അവരുടെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ സ്ഥലം മാറ്റത്തിന് അർഹതയുണ്ട്. |
| (ബി) യു.പി.എസ്.എയുടെ ഒഴിവുള്ള തസ്തികകളിലേക്ക് എൽ.പി.എസ്.എ മാർക്ക് സ്ഥലംമാറ്റം നൽകുന്നതുപോലെ എൽ.പി.എസ്.എ ഒഴിവിലേക്ക് യു.പി.എസ്.എ മാർക്ക് സ്ഥലംമാറ്റം നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) 2005 ന ശേഷം എൽ.പിഎസ്.എ യു.പി.എസ്.എ തസ്തികയിൽ പി.എസ്.സി പ്രത്യേക നിയമനം നടത്താറുണ്ട്. ടി തസ്തികയിൽ നിയമനം ലഭിച്ചവർക്ക് അതത് തസ്തികകളിലേക്ക് മാത്രമേ സ്ഥലം മാറ്റത്തിന് അർഹതയുള്ളൂ. |
| (സി) സംസ്ഥാനത്തെ യു.പി.സ്കൂളുകളിൽ യു.പി.എസ്.എ മാരുടെ തസ്തികകളിലേക്ക് എൽ.പി.എസ്.എ മാരെ നിയമിക്കുന്നതു മൂലം പി.എസ്.സിയുടെ റാങ്ക് ലിസ്റ്റ് നിലവിൽ ഉണ്ടായാൽ പോലും വളരെ കുറച്ച് ഉദ്യോഗാർത്ഥികൾക്ക് മാത്രമേ യു.പി.എസ്.എ ആയി നിയമനം ലഭിക്കാറുള്ളൂ എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഡി) എൽ.പി.എസ്.എ മാർക്കും യു.പി.എസ്.എ മാർക്കും പ്രത്യേക പരിക്ഷകൾ നടത്തി പി.എസ്.സി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ നിയമനം നടത്തുന്ന സാഹചര്യത്തിൽ യു.പി.എസ്.എ വേക്കൻസിയിലേക്ക് എൽ.പി.എസ്.എ മാർക്ക് സ്ഥലം മാറ്റം നൽകുന്ന നിലവിലുള്ള രീതി പുന:പരിശോധിക്കാൻ തയ്യാറാകുമോ; ഇതിനായി എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; | (ഡി) & (ഇ) ഇപ്പോൾ പരിഗണനയിലില്ല |
| (ഇ) പ്രസ്തുത നടപടി പുനപരിശോധിക്കാൻ കഴിയില്ലെങ്കിൽ യു.പി.എസ്.എ മാരിൽ താൽപര്യമുള്ളവരെ എൽ.പി.എസ്.എ യായി മാറ്റി നിയമിക്കാൻ നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ